A

സമഗ്ര ശിക്ഷാ കേരളം

602

# ആത്യന്തിക വിലയിരുത്തൽ I 2026-2027

## കേരളപാഠാവലി

ക്ലാസ്: 6 സമയം: 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് മാത്രം ഉത്തരമെഴുതിയാൽ മതി.

**(1) വായിക്കാം, എഴുതാം**

പഴയകാലത്ത് ആളുകൾ പ്രകൃതിദത്തമായ ഭക്ഷണങ്ങളായിരുന്നു കൂടുതലായി കഴിച്ചിരുന്നത്. കഞ്ഞി, ചാമ, റാഗി, കപ്പ, പച്ചക്കറികൾ, പഴങ്ങൾ എന്നിവ അവരുടെ പ്രധാന ഭക്ഷണങ്ങളായിരുന്നു. ഇവയിൽ ധാരാളം പോഷകഘടകങ്ങൾ ഉണ്ടായിരുന്നതിനാൽ അവർ ആരോഗ്യവാന്മാരായിരുന്നു. കൂടാതെ, അവർ കഠിനാധ്വാനം ചെയ്തിരുന്നതിനാൽ ശരീരത്തിന് നല്ലൊരു വ്യായാമവും ലഭിച്ചിരുന്നു. ഇന്ന് ഫാസ്റ്റ്ഫുഡും സംസ്കരിച്ച ഭക്ഷണങ്ങളും കൂടുതലായി ഉപയോഗിക്കുന്നതിനാൽ പല ആരോഗ്യപ്രശ്നങ്ങളും വർധിച്ചുവരുന്നു. അതിനാൽ പഴയകാല ഭക്ഷണശീലങ്ങളിൽ നിന്ന് നല്ലവ സ്വീകരിക്കുകയും പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. നല്ല ഭക്ഷണമാണ് നല്ല ആരോഗ്യത്തിന് അടിസ്ഥാനം.

a) പഴയകാലത്തെ ആളുകൾ എങ്ങനെയുള്ള ആഹാരമാണ് കഴിച്ചിരുന്നത്?

A. ഫാസ്റ്റ്ഫുഡ്

B. പ്രകൃതിദത്തമായത്

C. പയറുവർഗങ്ങൾ

D. കിഴങ്ങുവർഗങ്ങൾ

b) പഴയകാലത്തെ ആളുകളുടെ പ്രധാന ഭക്ഷണങ്ങൾ എന്തൊക്കെ ആയിരുന്നു?

A. കഞ്ഞി, റാഗി, പച്ചക്കറികൾ

B. കഞ്ഞി, ചാമ, ഇറച്ചി

C. കപ്പ, പഴവർഗങ്ങൾ, മത്സ്യം

D. പച്ചക്കറികൾ, പലഹാരങ്ങൾ, കഞ്ഞി

c) പഴയകാല ആഹാരത്തിന്റെ സവിശേഷതകൾ എന്തായിരുന്നു?

A) പെട്ടെന്ന് പാചകം ചെയ്യാൻ സാധിക്കുന്നത്

B) പോഷകഘടകങ്ങൾ നിറഞ്ഞത്

C) ഏറ്റവും സുലഭമായത്

D) സ്വയം കൃഷി ചെയ്തത്

d) പഴയകാലത്തെ ആളുകൾക്ക് വ്യായാമം ലഭിച്ചിരുന്നത് എങ്ങനെ?

A) പോഷകഘടങ്ങൾ ലഭിച്ചതിനാൽ

B) സമൃദ്ധമായ ഭക്ഷണം കഴിച്ചതിനാൽ

C) ഫാസ്റ്റ്ഫുഡ് കഴിച്ചതിനാൽ

D) കഠിനാദ്ധ്വാനം ചെയ്തതിനാൽ

e) കാര്യം : പഴയകാലഭക്ഷണശീലങ്ങളിൽ നിന്ന് നല്ലവ സ്വീകരിക്കുകയും പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കാരണം : നല്ല ഭക്ഷണമാണ് നല്ല ആരോഗ്യത്തിന്റെ അടിസ്ഥാനം

A) കാര്യം ശരി കാരണം തെറ്റ്

B) കാര്യവും കാരണവും തെറ്റ്

C) കാര്യവും കാരണവും ശരി

D) കാര്യം തെറ്റ് കാരണം ശരി

**(2)a) കുറിപ്പ് തയ്യാറാക്കുക**

'ഇടിഞ്ഞു പൊളിഞ്ഞ ലോകം' എന്ന കവിതയിൽ വ്യത്യസ്തമായ ധാരാളം തൊഴിലുകൾ നാം പരിചയപ്പെട്ടു. നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്ന തൊഴിൽ എന്താണ്?
ആ തൊഴിൽ നിങ്ങൾക്ക് ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

b) "ഞങ്ങളുടെ ഊരിലൊന്നും അപ്പൊ ആരും ഉണ്ടാവില്ല." എന്തുകൊണ്ട്?

A. എല്ലാവരും വിറകു പെറുക്കാൻ പോകും.

B. എല്ലാവരും നെവേഞ്ചി പെറുക്കാൻ പോകും.

C. എല്ലാവരും മുളങ്കൂമ്പ് പെറുക്കാൻ പോകും.

D. എല്ലാവരും കക്ക പെറുക്കാൻ പോകും.

c) കോയയുടെ തളർന്ന ഹൃദയത്തിൽ അല്പം സന്തോഷം നിറഞ്ഞതെന്തുകൊണ്ട്?

i. ഭാര്യയുടെ കത്ത് വന്നതുകൊണ്ട്

ii. നൂറ് ദിർഹം ലഭിച്ചതുകൊണ്ട്

iii. കുഞ്ഞു ജനിച്ചതുകൊണ്ട്

A. i മാത്രം ശരി C. i ഉം iii ഉം ശരി

B. ii മാത്രം ശരി D. ii ഉം iii ഉം ശരി

ചുവടെ കൊടുത്ത **(3A), (3B)** എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.

## (3A) വിശകലനക്കുറിപ്പ്

'പ്രകൃതിയുടെ സ്വാഭാവികരുചികൾക്കും അവ നൽകുന്ന സാധ്യതകൾക്കും പകരമാകുന്നില്ല പുതിയ കാലത്തിന്റെ കൃത്രിമ രുചികൾ.' വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

അല്ലെങ്കിൽ

## (3B) പ്രതികരണക്കുറിപ്പ്

'എരിശ്ശേരി വിശേഷം' എന്ന ഭാഗത്തെ ആസ്പദമാക്കി 'ഉറക്കെ ചിരിക്കുന്നവളെ ഉലക്ക കൊണ്ട് അടിക്കണം' എന്ന പഴഞ്ചൊല്ലിനെക്കുറിച്ച് ഒരു പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**ചുവടെ കൊടുത്ത (4A), (4B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

## (4A) കഥാപാത്രനിരൂപണം

ലോകത്തെ മറ്റൊരൊച്ചയും കേൾക്കാത്ത വിധത്തിൽ പഞ്ചേന്ദ്രിയങ്ങളെ ചെമ്പിനകത്ത് രൂപം പ്രാപിച്ചുവരുന്ന ചട്ടിപ്പത്തിരിയിലേക്ക് കേന്ദ്രീകരിച്ച് നിർത്തുകയാണ് ബിച്ചായിശേയിത്താത്ത. നോവലിൽ ഉടനീളം നിറഞ്ഞു നിൽക്കുന്ന ബിച്ചായിശേയിത്താത്തയുടെ സവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

അല്ലെങ്കിൽ

## (4B) ആസ്വാദനക്കുറിപ്പ്

ആകാശത്തിന് നീലനിറം
എൻ വീടിനുചുറ്റും പച്ചനിറം
പലവർണ്ണപ്പൂ നിറഞ്ഞമുറ്റം
വിരിഞ്ഞുനിൽക്കും മഴവില്ല്

അടുക്കളയ്ക്കു കറുപ്പുനിറം
അമ്മവിറകിൻ കറുപ്പുനിറം
എത്രതിരക്കിലുമെന്നെകണ്ടാൽ
അമ്മമനസ്സിനു മുല്ലനിറം

- അമൽദേവ്

ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

## (5) അഭിമുഖ ചോദ്യാവലി തയ്യാറാക്കുക

വാർധയിലെ ആശ്രമത്തിലെത്തി ഗാന്ധിജിയെ കണ്ട ആ ബാലനെ നേരിൽ കാണാനിടയായാൽ നിങ്ങൾ ചോദിക്കാനിടയുള്ള അഞ്ചു ചോദ്യങ്ങൾ തയ്യാറാക്കുക.

## (6) കത്ത് തയ്യാറാക്കുക

'കോയ വൻനഗരത്തിന്റെ തെരുവുകളിലൂടെ കൈയിലുള്ള സാധനങ്ങൾ വിൽക്കാൻ ശ്രമിച്ചു കൊണ്ടു നടത്തം തുടരുകയാണ്.'

അയാൾ തന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് സുഹൃത്തിന് എഴുതാനിടയുള്ള കത്ത് തയ്യാറാക്കുക.